വളരെ അത്യാവശ്യം

അവസാന തീയതി: 31/03/2015

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ3/4664/15 തീയതി: 18/02/2015

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -31/12/2014 വർഷത്തെ സ്റ്റോറും സ്റ്റോക്കും പരിശോധനാ റിപ്പോർട്ട് -സംബന്ധിച്ച്.

*********

കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിലെ 158-ാം വകുപ്പനുസരിച്ച് ഒരോ സ്ഥാപനത്തിലെ സ്റ്റോറും സ്റ്റോക്കും വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധിക്കേണ്ടതാണ്. ഈ വകുപ്പിൽ എല്ലാ വർഷവും ഡിസംബർ 31-ന് സ്റ്റോറും സ്റ്റോക്കും പരിശോധന നടത്തുന്ന താണ് പതിവ്. ആയതു കൊണ്ട് ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കുലർ പ്രതീക്ഷിക്കാതെ തന്നെ ഇക്കാര്യത്തിൽ സ്വമേധയാ ഉത്തരവാദിത്വം മനസ്സിലാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഇത് പ്രധാനപ്പെട്ട സമയബന്ധിതമായ പരിപാടി എന്ന നിലയിൽ താങ്കൾ പ്രത്യേക ഉത്തരവാദിത്വം മനസ്സിലാക്കി ഫർണിച്ചറും ലൈബ്രറി ബുക്കും ഉൾപ്പടെ 31.12.2014 വർഷത്തെ 100% സ്റ്റോറും സ്റ്റോക്കും പരിശോധിച്ച് റിപ്പോർട്ട് K.F.C Form 8A അനുശാസിക്കുന്ന സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി 31/3/2015-ന് മുമ്പ് ഈ ഓഫീസിൽ കിട്ടത്തക്കവിധം അയച്ചുതരേണ്ടതും ഇതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിന് അയച്ചു കൊടുക്കേണ്ടതുമാണ്.

ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് താങ്കളുടെ കീഴിൽ വരുന്ന ഐ.ടി.ഐ കളിലെ സ്റ്റോറും സ്റ്റോക്കും 25% സൂപ്പർ ചെക്ക് നടത്തേണ്ടതും റിപ്പോർട്ട് അടിയന്തിരമായി അയച്ചു തരേണ്ടതുമാണ്. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ സ്റ്റോറുകൾ സൂപ്പർ ചെക്ക് ചെയ്യാതിരിക്കുന്നത് ഇനി മുതൽ വളരെ ഗൗരവമായി കാണുന്നതാണ്.

സ്റ്റോറും സ്റ്റോക്കും പരിശോധനയിൽ എന്തെങ്കിലും അപാകത കളോ ബാധ്യതകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി യഥാസമയം ചെയ്യേണ്ടതാണ്. ഇവ പലപ്പോഴും പല ഉദ്യോഗസ്ഥരുടെയും പെൻഷൻ ആനുകൂല്യങ്ങൾക്ക് തടസ്സമാകുന്നുണ്ട്. ആയതിനാൽ ഇനിയും ഓർമ്മക്കുറിപ്പ് അയയ്ക്കാൻ ഇടവരുത്താതെ സമയനിഷ്ട പാലിച്ചു കൊണ്ട് ആവശ്യമായ മറുപടി 31/3/2015ന് മുമ്പ് അയച്ചു തരേണ്ടതാണ്. കാലതാമസം കർശന നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമായി ത്തീരും എന്ന വസ്തുതയും ഇതിനാൽ അറിയിക്കുന്നു.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ആർ.ഐ.സെന്റർ ട്രെയിനിംഗ് ഓഫീസർക്കും
റീജിയണൽ ഡയറക്ടർ, കണ്ണൂർ
സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ കഴക്കൂട്ടം
എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനും-താങ്കളുടെ അധികാര പരിധിയിലുള്ള ഐ.ടി.ഐ കളിൽ 25% സൂപ്പർ ചെക്ക് നടത്തേണ്ടതും ആവശ്യമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

ഡി.4/2/15